LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൺസ്യൂമർഫെഡിൽ നടന്നതായ ക്രമക്കേടുകൾ സംബന്ധിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന് 25-9-2015-ൽ സഹകരണ സംഘം രജിസ്ട്രാർ ഉത്തരവിടുകയും അന്വേഷണം നടന്നുവരികയുമാണ്. കേരള സഹകരണ സംഘം നിയമം, ചട്ടം, ബൈലോ വ്യവസ്ഥകൾ എന്നിവയ്ക്കനുസൃതമായ ഉത്തരവാദിത്വങ്ങളും ചുമതലകളും നിറവേറ്റുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ളതായി പ്രാഥമിക അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ നിയമ വ്യവസ്ഥ പ്രകാരം നിലവിലുള്ള ഭരണ സമിതിയെ സസ്പെന്റ് ചെയ്യുകയുമാണുണ്ടായത്.

(ബി) സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ വിജിലൻസ് വിഭാഗത്തിലെയും ഇൻസ്പെക്ഷൻ സെല്ലിലെയും ഡെപ്യൂട്ടി രജിസ്ട്രാർമാരെ കൺസ്യൂമർ ഫെഡറേഷനിൽ പരിശോധന നടത്തുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ നിയോഗിക്കുകയും പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൺസ്യൂമർ ഫെഡറേഷനിൽ കണ്ടെത്തിയ ന്യൂനതകൾ ഗുരുതര സ്വഭാവമുള്ളതാകയാൽ കൂടുതൽ വിശദമായ പരിശോധനയ്ക്കായി കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തുന്നതിന് ഉത്തരവാകുകയും അപ്രകാരം അന്വേഷണം നടന്നുവരികയുമാണ്.

(സി) ഒരു സഹകരണ സ്ഥാപനത്തിൽ ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ സ്വന്തമായോ, ലിഖിതമായോ ഒരു ഉത്തരവിലൂടെ ചുമതല പ്പെടുത്തുന്ന ഉദ്യോഗസ്ഥനിലൂടെയോ, ആ സംഘത്തിന്റെ ഘടന, പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നിവയെ സംബന്ധിച്ചും പ്രത്യേകം ശ്രദ്ധയിൽ കൊണ്ടുവരേണ്ട വിഷയങ്ങൾ ഉണ്ടെങ്കിൽ ആയവ സംബന്ധിച്ചും സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണമോ, വകുപ്പ് 66 പ്രകാരമുള്ള പരിശോധനയോ നടത്താവുന്നതും ടി അന്വേഷണ/പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ കൈക്കൊള്ളാവുന്നതുമാണ്.

കൺസ്യൂമർഫെഡിന്റെ പ്രവർത്തനം

189 (556) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) കൺസ്യൂമർഫെഡിന്റെ നന്മ സ്റ്റോറുകളിലും മൊബൈൽ വിതരണ യൂണിറ്റുകളിലും, നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഓണക്കാലത്തെ കൺസ്യൂമർഫെഡിന്റെ വിപണി ഇടപെടൽ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) കൺസ്യൂമർഫെഡിന്റെ ക്രിസ്തുമസ് കാലത്തെ വിപണി ഇടപെടലിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിൽപ്പന സബ്സിഡി ഇനത്തിൽ 254.50 കോടി രൂപ ഫെഡറേഷന് ലഭിച്ചിട്ടുണ്ട്. വർഷംതോറും അനുവദിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	തുക (കോടിയിൽ)
2011-12	30.00
2012-13	69.50
2013-14	80.00
2014-15	50.00
2015-16	25.00
ആകെ	254.50

നീതി സ്റ്റോറിന്റെ നടത്തിപ്പിനായി ഈ സർക്കാരിന്റെ കാലത്ത് 100,00,000 (ഒരു കോടി രൂപ) അനുവദിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	വായ്പ (ലക്ഷം)	ഓഹരി (ലക്ഷം)	മാനേജീരിയൽ സബ്സിഡി (ലക്ഷം)	ആകെ (ലക്ഷം)
2011-12	10	10	5	25
2012-13	10	10	5	25
2013-14	10	10	5	25
2014-15	10	10	5	25
ആകെ	40	40	20	100

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുപുറമേ 2014-15 വർഷത്തിൽ 50 കോടി രൂപ വായ്പയായി എൻ.സി.ഡി.സി.-യിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഓണം ഉൾപ്പെടെയുള്ള ഉത്സവകാലങ്ങളിൽ വിലക്കയറ്റത്തിന് സാദ്ധ്യത ഏറുന്നതിനാൽ ടി കാലയളവുകളിൽ സർക്കാർ സബ്സിഡിയോടെ ഉത്സവകാല വിപണനമേളകൾ കൺസ്യൂമർഫെഡ് മുഖാന്തരം സഹകരണ വകുപ്പ് നടത്തിവരുന്നു. 2015-16 വർഷത്തിൽ സംസ്ഥാനത്ത് ഓണവിപണി 17-08-2015 മുതൽ 27-8-2015 വരെ സുഗമമായി നടത്തുകയുണ്ടായി. വിപണി നടത്തിപ്പിനായി രണ്ട് ഘട്ടങ്ങളിലായി 25 കോടി രൂപ സർക്കാർ അനുവദിച്ചിരുന്നു. ടി വിപണികളിലൂടെ 20.14 കോടി രൂപയുടെ സബ്സിഡി വിൽപ്പന നടത്തുപ്പെടുകയുണ്ടായി. 2015-ലെ ഓണവിപണിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ജില്ല	ഔട്ട്ലെറ്റുകൾ (എണ്ണം)	വിൽപ്പന (കോടി)
തിരുവനന്തപുരം	294	3.16
കൊല്ലം	293	2.63
പത്തനംതിട്ട	124	1.04
ആലപ്പുഴ	222	2.07
കോട്ടയം	66	1.25
ഇടുക്കി	55	0.27
എറണാകുളം	199	1.74
തൃശ്ശൂർ	155	1.55
പാലക്കാട്	166	1.44
മലപ്പുറം	146	1.03
കോഴിക്കോട്	118	1.4
വയനാട്	39	0.44
കണ്ണൂർ	48	1.38
കാസർഗോഡ്	64	0.74
ആകെ	1989	20.14

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ക്രിസ്തുമസ് തുടങ്ങിയ ഉത്സവക്കാലങ്ങളിൽ അവശ്യസാധനങ്ങൾക്ക് വിപണിയിലുണ്ടാകാൻ സാദ്ധ്യതയുള്ള ക്രമാതീതമായ വിലക്കയറ്റം തടയുന്നതിനായി എല്ലാ വർഷവും സർക്കാർ സബ്സിഡിയോടെ സഹകരണ വകുപ്പ് കൺസ്യൂമർഫെഡ് മുഖാന്തരം ക്രിസ്തുമസ് വിപണനമേളകൾ നടത്തിവരുന്നുണ്ട്. 2015-ലെ ക്രിസ്തുമസ് കാലയളവിൽ ഡിസംബർ 15 മുതൽ 31 വരെ 13 ഇനം നിത്യോപയോഗ സാധനങ്ങൾ സർക്കാർ സബ്സിഡിയോടെ കൺസ്യൂമർഫെഡിന്റെ ത്രിവേണി, നന്മ യൂണിറ്റുകളിലൂടെയും സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും പ്രത്യേക വിപണന കേന്ദ്രങ്ങളിലൂടെയും വിൽപ്പന നടത്തുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് കൺസ്യൂമർഫെഡ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

ഖാദി സഹകരണ സംഘങ്ങളിലെ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം

190 (557) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഖാദി സഹകരണ സംഘങ്ങളിലെ മിക്ക വ്യവസായ യൂണിറ്റുകളും പ്രവർത്തിക്കുന്നത് പഴയ ചർക്കകളും തറികളും ഉപയോഗിച്ചാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ഖാദി മേഖലയുടെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് ശ്രീ. ഗോപിനാഥൻനായർ കമ്മിറ്റി ശിപാർശ പ്രകാരം സർക്കാർ 29.46 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും ആദ്യപടിയായി 15.21 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ ഭാഗമായി 780 ചർക്കകളും 650 തറികളും പുതുതായി വാങ്ങി നൽകുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ 720 ചർക്കകളും 650 തറികളും കൂടി ഖാദി സ്ഥാപനങ്ങൾക്ക് നൽകുവാൻ കഴിയുന്നതാണ്. ഇതുകൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് ഫ്ലാഗ് ഷിപ്പ് സ്കീം പ്രകാരം ഖാദി സംഘങ്ങൾക്കും സ്ഥാപനങ്ങൾക്കും പുതുതായി ചർക്കകളും തറികളും വാങ്ങുന്നതിന് തുക അനുവദിക്കുന്നുണ്ട്. 2014-15 വർഷത്തിൽ 'Financial Assistance to Khadi Co-operative Institutions' എന്ന സ്കീമിന് ELAMS-ൽ പോസ്റ്റുചെയ്തിരുന്ന തുകയിൽ നിന്നും 5 ലക്ഷം രൂപ അനുവദിച്ച് നൽകിയത് കൂടാതെ നടപ്പുവർഷം ഇതിനായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഇതുകൂടാതെ, അഖിലേന്ത്യാ ഖാദി കമ്മിഷന്റെ KRDP, ഖാദി ക്ലസ്റ്റർ പദ്ധതി പ്രകാരം ഖാദി സ്ഥാപനങ്ങളുടെ അർഹതയ്ക്കനുസരിച്ച് ചർക്കകളും തറികളും പുതുക്കുന്നതിന് ധനസഹായം ലഭ്യമാകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly.